LIBRARY ARCHIVES Kerala Legislative Assembly

ഫിഷിംഗ് ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ, മത്സ്യമാർക്കറ്റുകൾ എന്നിവ ദേശീയ, തീരദേശ റോഡുകളുമായി ബന്ധിപ്പിക്കുന്നതിന് വിവിധ ജില്ലകളിലായി പദ്ധതികൾ നടപ്പാക്കിവരുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) മീൻപിടുത്ത ഹാർബറുകളുടെ പരിപാലനത്തിനും നവീകരണത്തിനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന കേന്ദ്രാവിഷ്കൃത പദ്ധതികൾ, കിഫ്ബി, നബാർഡ്, ഓഖി ഡെവലപ്മെന്റ് പാക്കേജ് തുടങ്ങിയവ പ്രകാരം വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എസ്.പി.വി. ആയി ആലപ്പുഴ ജില്ലയിലെ ചെത്തി ഫിഷിംഗ് ഹാർബർ നിർമ്മാണ പ്രവൃത്തിക്കും (97.43 കോടി രൂപ) മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണ പ്രവൃത്തിക്കും (112.18 കോടി രൂപ) കിഫ്ബിയിൽനിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്. ചെത്തി ഫിഷിംഗ് ഹാർബർ നിർമ്മാണ പ്രവൃത്തി ഏർപ്പാടാക്കി വരുന്നു. പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന് 9-1-2021-ന് കരാറിൽ ഏർപ്പെട്ട പ്രകാരം പുലിമുട്ട് നിർമ്മാണം പുരോഗമിച്ചുവരുന്നു.

വന്യജീവികൾമൂലമുള്ള കൃഷി നാശത്തിന് നഷ്ടപരിഹാരം

10 (*70) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. നജീബ് കാന്തപുരം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി-മനുഷ്യ സംഘർഷംമൂലം കർഷകർ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വനത്തിന് പുറത്തുകടക്കുന്ന വന്യമൃഗങ്ങളെ വനത്തിലേയ്ക്ക് തന്നെ മടക്കി അയയ്ക്കാൻ ദ്രുതകർമ്മ സേനയുടെ പ്രവർത്തനം ശക്തിപ്പെടുത്തുമോ?

ശക്തിപ്പെടുത്തുന്നതാണ്. 15-2-2012-ലെ സ.ഉ.(എം.എസ്)നമ്പർ 7/2012/വനം പ്രകാരം 8 ദ്രുതകർമ്മ സേനകളും 5 ദ്രുതകർമ്മ സേനകൾ താത്ക്കാലികമായും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യമൃഗ സംഘർഷം കണക്കിലെടുത്ത് 2018-ൽ നിലവിലുള്ള ദ്രുതകർമ്മ സേനകൾ വിപുലീകരിക്കുവാനും

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശാക്തീകരിക്കുവാനും പുതിയവ രൂപീകരിക്കുവാനുമുള്ള ഒരു ശിപാർശ ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ സാമ്പത്തിക സാഹചര്യം, പ്രളയാനന്തര പുനർ നിർമ്മാണത്തിന്റെ അത്യാവശ്യം എന്നിവ പരിഗണിച്ച് വനം വകുപ്പിന്റെ പുതിയ ദ്രുതകർമ്മ സേനകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി വാഹനം വാങ്ങുക, കെട്ടിടം നിർമ്മിക്കുക എന്നീ ആവശ്യങ്ങൾ മോശം സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ പരിഗണിക്കുകയുണ്ടായില്ല. വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ചീഫ് വൈൽഡ് ലൈഫ് വാർഡൻ 2021 സെപ്റ്റംബറിൽ സർക്കാരിന് സമർപ്പിച്ച 5 വർഷത്തേയ്ക്കുള്ള സമഗ്ര പദ്ധതിയിൽ ദ്രുതകർമ്മ സേനകൾ വിപുലീകരിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമുള്ള ശിപാർശകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. ദ്രുതകർമ്മ സേനകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 2019-ൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ചീഫ് വൈൽഡ് ലൈഫ് വാർഡൻ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കർഷകർക്കുണ്ടാകുന്ന കൃഷി നാശത്തിന് നിലവിൽ നൽകി വരുന്ന നഷ്ടപരിഹാരം അപര്യാപ്തമായതിനാൽ ആയത് വർദ്ധിപ്പിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ?

കർഷകർക്ക് നിലവിൽ കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നത് 8-1-2015-ലെ സ.ഉ. (കൈ) നമ്പർ 02/2015/വനം., 5-4-2018-ലെ സ.ഉ. (കൈ) നമ്പർ 17/2018/വനം. എന്നിവ പ്രകാരമാണ്. നിലവിലുള്ള നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്.

ജലസംരക്ഷണ പദ്ധതികൾ

11 (*71) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുനീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണ പദ്ധതികൾ തയ്യാറാക്കി ഇവയെ സംയോജിപ്പിച്ച് നദീതടാടിസ്ഥാനത്തിലുള്ള ജലസുരക്ഷ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വാർഷിക ശരാശരി മഴലഭ്യത 3000 മി.മീറ്ററുള്ള സംസ്ഥാനമാണ് കേരളമെങ്കിലും മഴക്കാലം കഴിയുന്നതോടുകൂടി തന്നെ ജലലഭ്യത വളരെക്കുറയുന്ന പ്രദേശങ്ങളും സംസ്ഥാനത്തുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങളിലൊന്ന്